പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T4894 27.06.2014- ൽ മറുപടിക്ക്

## ക്ഷേമപെൻഷനുകളുടെ വർദ്ധനവ്

ചോദ്യം

ശ്രീ. വർക്കല കഹാർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. പാലോട് രവി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ക്ഷേമപെൻഷനുകൾ ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം അനുസരിച്ച് തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടികൾ പരിഗണനയിലാണ്. |
| (ബി) | എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമപെൻഷൻ പദ്ധതികളിൽ വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പദ്ധതികളിൽ 133.33 ശതമാനവും വാർദ്ധക്യ കാല പെൻഷൻ പദ്ധതിയിൽ 66.66 ശതമാനവും വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

LS-4894

<u>അനുബന്ധം</u>

1. 13.12.2011 ലെ സ.ഉ(എം.എസ്) നം. 60/2011 സാ.ക്ഷേ.വ നമ്പർ ഉത്തരവ്വ പ്രകാരം വർദ്ധിപ്പിച്ചത്.

| | | |
|---|---|---|
| 1 | വികലാംഗ പെൻഷൻ | 300/- രൂപയിൽ നിന്നും 400/- രൂപയാക്കി |
| 2 | അഗതി (വിധവ) പെൻഷൻ | 300/- രൂപയിൽ നിന്നും 400/- രൂപയാക്കി |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 300/- രൂപയിൽ നിന്നും 400/- രൂപയാക്കി |
| 4 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 300/- രൂപയിൽ നിന്നും 400/- രൂപയാക്കി |

2. 22.08.2012 ലെ സ.ഉ(എം.എസ്) നം. 50/12 സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചത്.

| | | |
|---|---|---|
| 1 | വികലാംഗ പെൻഷൻ | 400/- രൂപയിൽ നിന്നും 525/- രൂപയായി വർദ്ധിപ്പിച്ചു. |
| | 80% മേൽ വൈകല്യമുള്ളവർ | 700/- രൂപ നിരക്കിൽ |
| 2 | അഗതി (വിധവ) പെൻഷൻ | 400/- രൂപയിൽ നിന്നും 525/- രൂപയായി വർദ്ധിപ്പിച്ചു. |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 400/- രൂപ നിരക്കിൽ |
| | 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് | 900/- രൂപ നിരക്കിൽ |
| 4 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 400/- രൂപയിൽ നിന്നും 525/- രൂപയായി വർദ്ധിപ്പിച്ചു. |

3. 12.05.2013 ലെ സ.ഉ.(പി) നമ്പർ 339/2013/ധന നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചത്

| | | |
|---|---|---|
| 1 | വികലാംഗ പെൻഷൻ | 525/- രൂപയിൽ നിന്നും 700/- രൂപയായി വർദ്ധിപ്പിച്ചു. |
| | 80% മേൽ വൈകല്യമുള്ളവർ | 700/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചു. |
| 2 | അഗതി (വിധവ) പെൻഷൻ | 525/- രൂപയിൽ നിന്നും 700/- രൂപയായി വർദ്ധിപ്പിച്ചു. |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 400/- രൂപയിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിച്ചു. |
| | 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് | 900/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു. |
| 4 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525/- രൂപയിൽ നിന്നും 700/- രൂപയായി വർദ്ധിപ്പിച്ചു. |

സെക്ഷൻ ഓഫീസർ